LIBRARY ARCHIVES Kerala Legislative Assembly

ലോട്ടറി വകുപ്പിന്റെ ലാഭം

43 [357] ശ്രീ. കെ. എൻ. എ. ഖാദർ:
" സി. മമ്മൂട്ടി:
" കളത്തിൽ അബ്ദുള്ള:
" വി. കെ. ഇബ്രാഹിംകുഞ്ഞ്:
" ടി. പി. എം. സാഹീർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 2003-2004 സാമ്പത്തിക വർഷത്തിൽ ലോട്ടറി വകുപ്പിന് ലഭിച്ച ലാഭം എത്രയെന്നും ഇത് മുൻ വർഷത്തേക്കാൾ കൂടുതലാണോ എന്നും വെളിപ്പെടുത്താമോ;

(ബി) കൂടുതൽ ലോട്ടറികൾ ഏർപ്പെടുത്തി ലാഭം വർദ്ധിപ്പിക്കാൻ പരിപാടി യുണ്ടോ എന്ന് വ്യക്തമാക്കുമോ;

(സി) ഓൺ ലൈൻ ലോട്ടറി നടത്താൻ ഉദ്ദേശ്യമുണ്ടോ; എങ്കിൽ എന്നു മുതൽ?

ഉത്തരം

(എ) 2003-2004 സാമ്പത്തിക വർഷം ലോട്ടറി വകുപ്പിന് ലഭിച്ച ലാഭം 19,87,17,802 രൂപയാണ്. ഇത് മുൻവർഷത്തേക്കാൾ കൂടുതലാണ്.

(ബി) സുപ്രീം കോടതിയുടെ ഇടക്കാല ഉത്തരവിനെ തുടർന്ന് ഓൺലൈൻ ഭാഗ്യക്കുറികൾ കേരളത്തിൽ പലയിടത്തും വിൽപ്പന പുനരാരംഭിച്ച സാഹചര്യത്തിൽ കൂടുതൽ ഭാഗ്യക്കുറികൾ ഏർപ്പെടുത്തുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

(സി) ഓൺലൈൻ ലോട്ടറി ഏറ്റെടുത്തു നടത്താൻ ടെൻഡർ സമർപ്പിക്കു ന്നതിന് സ്ഥാപനങ്ങളോ, വ്യക്തികളോ താൽപ്പര്യം കാണിക്കാതെ വന്ന സാഹചര്യ ത്തിൽ ഈ പദ്ധതി നടപ്പാക്കുന്ന കാര്യം പുനഃപരിശോധനയിലാണ്.

ഓൺലൈൻ ലോട്ടറികളുടെ പ്രവർത്തനം

44 [358] ശ്രീ. വി. കെ. ചന്ദ്രൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇപ്പോൾ എത്ര ഓൺലൈൻ ലോട്ടറികളാണ് പ്രവർത്തിച്ചുവരുന്നത്;

(ബി) ഇവയ്ക്കോരോന്നിനും എത്ര ഔട്ട്ലെറ്റുകൾ വീതമുണ്ടെന്ന് വെളിപ്പെടുത്തുമോ;

(സി) സുപ്രീം കോടതി വിധിയുടെ മറവിൽ അടച്ചു പൂട്ടിയ ഓൺലൈൻ ലോട്ടറി കേന്ദ്രങ്ങൾ തുറന്നു പ്രവർത്തിക്കുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ഡി) ഓൺലൈൻ ലോട്ടറി വിൽപ്പനയിലൂടെ സർക്കാരിന് നാളിതുവരെ എത്ര കോടി രൂപ വരുമാനമായി ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് ഇപ്പോൾ മുപ്പതോളം ഓൺലൈൻ ലോട്ടറികൾ പ്രവർത്തിച്ചുവരുന്നു.

(ബി) വിവിധ കമ്പനികളുടെ രണ്ടായിരത്തോളം ഓൺലൈൻ ഔട്ട്ലെറ്റുകൾ പ്രവർത്തിച്ചുവരുന്നു.

(സി) ഉണ്ട്.

(ഡി) സംസ്ഥാന സർക്കാർ ഇതുവരെ ഓൺലൈൻ ഭാഗ്യക്കുറി ആരംഭിച്ചിട്ടില്ല. അന്യസംസ്ഥാന ഓൺലൈൻ ഭാഗ്യക്കുറികളിൽ നിന്ന് സർക്കാരിന് വിൽപ്പന നികുതിയിനത്തിൽ നാളിതുവരെ 5.26 കോടി രൂപ വരുമാനമായി ലഭിച്ചിട്ടുണ്ട്.

ഓൺലൈൻ ലോട്ടറിയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട കേസ്സുകൾ

45 [359] ശ്രീ. കെ. രാധാകൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിയമവിരുദ്ധ ഓൺലൈൻ ലോട്ടറി നടത്തിപ്പുമായി ബന്ധപ്പെട്ട് എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് ജില്ല തിരിച്ച് വിശദമാക്കാമോ;

(ബി) ഈ കേസ്സുകളുടെ തുടർ നടപടികൾ ഇപ്പോൾ ഏത് അവസ്ഥയിലാണെന്ന് വെളിപ്പെടുത്താമോ;

(സി) ഈ കേസ്സുകൾ നടത്തുന്നതിനും വകുപ്പുമായി ബന്ധപ്പെട്ട നിയമപരമായ നടപടികൾക്ക് സഹായകരമാവുന്നതിന് ഒരു നിയമ സെൽ ആരംഭിക്കുന്ന കാര്യം പരിഗണിക്കാമോ;

(ഡി) പ്രസ്തുത കേസ്സുകൾ ഗൗരവമായി നടക്കുന്നുവെന്ന് ഉറപ്പു വരുത്തുവാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly